# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2331 07.02.2019-ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. വി.ആർ. സുനിൽ കുമാർ

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

## ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി

| | | |
|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | ചരക്ക് സേവന നികുതി നടപ്പിലാക്കിയ 2017-18-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 13 ശതമാനത്തിന്റെ കുറവ് വന്നിരുന്നു. അതേസമയം കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള കൈമാറ്റം ഉൾപ്പെടെയുള്ള ആകെ റവന്യൂ വരുമാനത്തിൽ 10,565 കോടി രൂപയുടെ ഇടിവുണ്ടായി. തത്ഫലമായി റവന്യൂ കമ്മിയും ധനകമ്മിയും ഉദ്ദേശിച്ച ലക്ഷ്യത്തിൽ നിലനിർത്തുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായി.<br>നടപ്പ് സാമ്പത്തിക വർഷത്തിൽ 2018, നവംബർ 30 വരെയുള്ള കാലയളവിൽ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 13.37 ശതമാനവും, ആകെ റവന്യൂ വരുമാനത്തിൽ 15.28 ശതമാനവും വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ആകെ ചെലവിൽ 14.02 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കേന്ദ്രം പറഞ്ഞിരുന്നതിനേക്കാൾ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | 01.07.2017 മുതലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. അതിന് ശേഷം 2017-18 മാർച്ച് 31 വരെ 25,755.48 കോടി രൂപ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ നികുതി ഇനത്തിൽ സമാഹരിക്കുകയുണ്ടായി. ഈ ഇനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 7 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. 2018-19 സാമ്പത്തിക വർഷം 31.12.2018 വരെ ഈ ഇനത്തിൽ, 11 ശതമാനം വർദ്ധനവ് കൈവരിച്ച്, 29,271.42 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2015-16-ലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി കുറവുള്ള തുക കോമ്പൻസേഷനായി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. |
| (സി) | നികുതി വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് സംസ്ഥാനത്തിന് ലഭ്യമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി കുറവ് ഉണ്ടായ തുക നികത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ 2017-18 സാമ്പത്തിക വർഷം 2,102 കോടി രൂപയും, 2018-19 സാമ്പത്തിക വർഷം 31.12.2018 വരെ 2,075 കോടി രൂപയും കോമ്പൻസേഷൻ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ